
● അഭിമുഖം



സുന്ദർലാൽ ബഹുഗുണ തെഹ്‌രിയ്ക്കരുകിൽ ഉപവാസ സത്യാഗ്രഹത്തിൽ

# അസ്വസ്ഥം, തെഹ്‌രി വളരുന്നു, പുഴ വരളുന്നു

പി.പി. ശ്രീജിത്ത്

**മൂന്നു പതിറ്റാണ്ടിലേറെയായി ഹിമാവാന്റെ താഴ്‌വാരത്ത് പരിസ്ഥിതി ചൂഷകരോടും അവർക്കിട നിലനിൽക്കുന്ന സർക്കാരിനോടും വിട്ടുവീഴ്ചയില്ലാതെ പോരാടുന്ന പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ഗാന്ധിയനുമായ സുന്ദർലാൽ ബഹുഗുണയുമായി നടത്തിയ കൂടിക്കാഴ്ചയിൽ നിന്ന്.**

**ഭഗീരഥിയെക്കുറിച്ചും തെഹ്‌രി അണക്കെട്ടിനെക്കുറിച്ചും പ്രകൃതിയുടെ താളം തെറ്റുമ്പോൾ പ്രാണൻ കൂട്ടിപ്പിടിച്ച് പലായനം ചെയ്യേണ്ടിവരുന്ന മണ്ണിന്റെ മക്കളെക്കുറിച്ചും ബഹുഗുണ വാചാലനായി. ഇന്ത്യൻ റിവർ നെറ്റ്‌വർക്കും ഗോവ ആസ്ഥാനമായ പീസ്ഫുൾ സൊസൈറ്റിയും സംയുക്തമായി കൊച്ചിയിൽ ത്രിദിന സെമിനാർ ഉദ്ഘാടനം ചെയ്യാനെത്തിയതായിരുന്നു അദ്ദേഹം.**

**ചോ: തെഹ്‌രി അണക്കെട്ടിനെതിരായ സമരത്തിന്റെ നിലവിലെ അവസ്ഥയെന്താണ് ?**

ഉ: അണക്കെട്ടുയർന്നതിന്റെ ഭാഗമായി നിരാലംബരായവരുടെ പുനരധിവാസ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. സർക്കാരിന് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ എന്നേ പരിഹരിക്കപ്പെടുമായിരുന്ന പ്രശ്നം. ഇപ്പോഴവർ വീണ്ടും അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതിനെപ്പറ്റി സംസാരിക്കുന്നു. ശക്തമായ ഭൂചലനങ്ങളിലേക്കാണതു നയിക്കുക. ഞങ്ങളിപ്പോഴും ചെറുത്തുനിൽപ്പ് തുടരുന്നു. ഈ വിഷയങ്ങളുയർത്തി സുരേശ്വർ സിൻഹ, മലയാളി ശാസ്ത്രജ്ഞനായ പ്രൊഫ. എം.ജി.കെ. മേനോൻ എന്നിവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ കോടതി താൽക്കാലികമായി തടഞ്ഞിട്ടുണ്ട്.

**ചോ: പരിസ്ഥിതി പ്രക്ഷോഭങ്ങൾ ഒരുവശത്തു നടക്കുന്നു. മറുഭാഗത്ത് സർക്കാർ പുതിയ അണക്കെട്ടുകൾ പണിതുയർത്തുന്നു. എങ്ങനെയാണ് ഈ വൈരുദ്ധ്യത്തെ നോക്കിക്കാണുന്നത് ?**

ഉ: അണക്കെട്ടുകൾക്കെതിരായ സമരംതന്നെയും ഹിമാലയൻ പ്രദേശത്തിന്റെ മൊത്തം സംതുലനത്തെ ബാധിക്കുന്ന പ്രവർത്തനങ്ങൾക്കെതിരെയുള്ള സമരത്തിന്റെ ഭാഗമാണ്. ഈ പ്രദേശത്തെ ഭൂകമ്പസാദ്ധ്യതയും മറ്റും ഉയർത്തിക്കാട്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. തെഹ്‌രി അണക്കെട്ട് തകർന്നാൽ ഋഷികേശ് ഒരു മണിക്കൂറിനുള്ളിൽ 263 മീറ്ററും മുസാഫർനഗർ ഉൾപ്പെടെയുള്ള നഗരങ്ങളും വെള്ളത്തിനടിയിലാകും. സർക്കാർ ഇന്നല്ലെങ്കിൽ നാളെ ഇതു തിരിച്ചറിയുകതന്നെ ചെയ്യും. എല്ലാറ്റിലുമുപരിയായി പ്രതീക്ഷാ നിർഭരമായിരിക്കുക എന്നതുതന്നെയാണ് ഞങ്ങളുടെ ശ്രമങ്ങളെ മുന്നോട്ടു നയിക്കുന്നത്. സത്യം ഒടുവിൽ വിജയിക്കുക തന്നെചെയ്യും.

**ചോദ്യം: നദീസംയോജന പദ്ധതിയെക്കുറിച്ച് എന്താണ് പറയാനുള്ളത് ?**

ഉ: നദികളുടെ സ്വാഭാവികതയെ തകർക്കലാണത്. ഒരു

പാട് ജനങ്ങളെ, സംസ്കാരങ്ങളെ നശിപ്പിക്കാൻ പിന്നെ മറ്റൊന്നും ചെയ്യേണ്ടിവരില്ല. നദീസംയോജനത്തിനുവേണ്ടി മാത്രം സർക്കാരിനു ചെലവിടേണ്ടിവരിക കോടിക്കണക്കിനു രൂപയാണ്. അതേ സമയം നിലവിലുള്ള അണക്കെട്ടുകൾ മൂലം ഉണ്ടായ പുനരധിവാസ പ്രശ്നങ്ങൾ അവഗണിക്കുകയും ചെയ്യുന്നു. ഇതിലേറെ പ്രശ്നങ്ങളാണ് നദീസംയോജനം വഴി നേരിടേണ്ടി വരിക.

**ചോ: കേരളത്തിലെ പരിസ്ഥിതി പ്രക്ഷോഭങ്ങളെപ്പറ്റി?**

ഉ: പ്ലാച്ചിമടയിലേയും മറ്റും സമരങ്ങൾ പ്രതീക്ഷ നൽകുന്നു. യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തവും ശ്രദ്ധേയമാണ്. സമരങ്ങളെപ്പറ്റി ആധികാരികമായി പറയാനെനിക്കാവില്ല. അതേ സമയം മൊത്തം ഏഷ്യൻ രാജ്യങ്ങളിലേതുപോലെ ഇവിടെയും നിൽക്കുന്ന പ്രശ്നം ജനസംഖ്യ വളർച്ചയുടേതാണ്. മറുവശത്ത് ഭൂമിയുടെ ലഭ്യതക്കുറവും. ഇത് വനനശീകരണത്തിനു സാദ്ധ്യത നൽകുന്നു. അടിയന്തിരമായ വനവൽക്കരണ പ്രവർത്തനങ്ങൾ ഇവിടെ നടക്കേണ്ടതുണ്ട്.

**ചോ: ഇന്ത്യയിലാകെയുള്ള പരിസ്ഥിതി പ്രവർത്തകർക്കിടയിൽ കൂട്ടായ്മയുടെ അഭാവം ദൃശ്യമല്ലേ ?**


ഉ: സംഘടനാതലത്തിൽ നിന്നുമാത്രം നോക്കുമ്പോൾ അങ്ങനെയാണ്. എന്നാൽ മാനസികതലത്തിലെത്തുമ്പോൾ ഇന്ത്യയിലെ എന്നല്ല ലോകത്താകെയുള്ള പരിസ്ഥിതി പ്രവർത്തകർക്കിടയിൽ ഐക്യം മാത്രമേയുള്ളൂ. എല്ലാവരും ഉന്നയിക്കുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ഒന്നുതന്നെ. അതുകൊണ്ട് അതിനെക്കുറിച്ച് നാം ആശങ്കപ്പെടേണ്ടതില്ല. പുതിയ തിരിച്ചറിവുകളുടെ കൂടി വെളിച്ചത്തിൽ ആ കൂട്ടായ്മ കൂടുതൽ ശക്തമാവുകയേയുള്ളൂ.

**ചോ: ശബരിമലയിൽ സൗകര്യങ്ങളൊരുക്കാൻ കൂടുതൽ വനഭൂമി വിട്ടു നൽകണമെന്ന ആവശ്യം ശക്തമാണ്. പരിസ്ഥിതിയെന്ന പോലെ ആത്മീയതയേയും ഇഷ്ടപ്പെടുന്ന താങ്കൾ എങ്ങനെയാണ് ഈ പ്രശ്നത്തെ സമീപിക്കുക ?**

ഉ: തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ആളുകൾ വരുന്നത് ആത്മസാക്ഷാത്കാരത്തിനാണ്, ആനന്ദം തേടിയല്ല. തീർത്ഥാടനം തപസ്യയാണ്, സുഖസൗകര്യങ്ങൾ തേടിയുള്ള യാത്രയല്ല. ഇതു സർക്കാരിനെ ബോധ്യപ്പെടുത്തേണ്ടത് ജനങ്ങൾ തന്നെയാണ്. പ്രധാനക്ഷേത്രങ്ങൾ പലതും കാടിനുള്ളിലോ മലകൾക്കുമുകളിലോ ആണ് സ്ഥാപിച്ചിട്ടുള്ളത്. സഹനത്തെയാണത് ലക്ഷ്യമിടുന്നത്. അതിനാൽ കൂടുതൽ വനനശീകരണം നടത്തുന്നതിനു പകരം വനവത്ക്കരണത്തിനുള്ള ശ്രമങ്ങളാണ് സർക്കാരിന്റേയും ക്ഷേത്രത്തിന്റേയും തീർത്ഥാടകരുടേയും ഭാഗത്തുനിന്നുണ്ടാവേണ്ടത്.

**ചോ: അപ്പോൾ താങ്കളുടെ മതവിശ്വാസം എങ്ങനെയാണ് ?**

ഉ: വസുധൈവ കുടുംബകം എന്നുതന്നെയാണ് എന്റെ വിശ്വാസത്തിന്റെ അടിത്തറ. പ്രകൃതിയും മനുഷ്യനും സർവ ചരാചരങ്ങളും ഉൾപ്പെടുന്ന വലിയ കുടുംബം. പ്രകൃതിയെ അറിയുന്നവന് സങ്കുചിതമായ മതവികാരങ്ങളില്ല. പ്രകൃതിയിൽത്തന്നെ ലയിച്ചുചേർന്ന ആത്മീയതയെ തിരിച്ചറിയുന്നവർക്ക് അതിൽപ്പരം ആത്മീയതയുമില്ല. വളരെ മതേതരമായ ഇത്തരമൊരു ആത്മീയതയാണ് ഗാന്ധിജി മുന്നോട്ടുവെച്ചത്.



**ചോ: എന്താണ് താങ്കളുടെ രാഷ്ട്രീയ കാഴ്ചപ്പാട് ?**

ഉ: ഗാന്ധിയൻ മാതൃക പിൻതുടരണമെന്ന് ഞാനിപ്പോഴും ഉറച്ചു വിശ്വസിക്കുന്നു. സങ്കുചിതമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ മാറിവരണം. ശാസ്ത്രംപോലും ഇന്നവരുടെ കൈപ്പിടിയിലാണ്. ശാസ്ത്രത്തെ ജനനന്മയ്ക്കായി മാത്രം ഉപയോഗപ്പെടുത്തുന്ന പുതിയ രാഷ്ട്രീയം ഉയർന്നുവരണം.

**ചോ: ഇക്കോ ടൂറിസത്തെയും മറ്റും പറ്റി ?**

ഉ: അത്തരമൊരു പദത്തിന്റെ പരികല്പനകളെപ്പോലും ചോദ്യം ചെയ്യേണ്ടി വരുന്നു. ടൂറിസ്റ്റുകൾ വരുന്നത് സന്തോഷം വിലയ്ക്കു വാങ്ങാനാണ്. തികച്ചും ബാഹ്യമായ സന്തോഷം. പ്രകൃതി അവർക്ക് ഉപഭോഗവസ്തുവാണ്. യഥാർത്ഥത്തിൽ ആന്തരികസന്തോഷമാണ് പ്രകൃതിയ്ക്ക് നല്കാനാവുക. ഈ തിരിച്ചറിവില്ലാത്തിടത്തോളം കാലം എങ്ങനെയാണ് ടൂറിസത്തെയും പ്രകൃതിയേയും ചേർത്തു വയ്ക്കാനാവുക.

**ചോ: രാജ്യത്തിന്റെ വികസന മാതൃകയെപ്പറ്റി എന്താണ് താങ്കൾക്ക് പകരം വയ്ക്കാനുള്ളത് ?**

ഉ: ഭൗതികമായ സൗകര്യങ്ങൾക്കുവേണ്ടി ദാക്ഷിണ്യമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്. അന്യം നിന്നുപോകുന്ന വിഭവങ്ങളെയാണ് വികസനത്തിനാശ്രയിക്കുന്നത്. യഥാർത്ഥത്തിൽ പുനരുൽപ്പാദിപ്പിക്കനാവുന്ന വിഭവങ്ങളെയാണ് നാം ആശ്രയിക്കേണ്ടത്. ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ചാണ് നമ്മളെപ്പോഴും സംസാരിക്കുന്നത്. അതിനുപകരം നമ്മുടേതായ വിഭവങ്ങൾ കണ്ടെത്താനും ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കാനും ശ്രമിക്കണം. ഗാന്ധിജി അതിനെക്കുറിച്ചാണ് പറഞ്ഞത്. അതിന് 'ഇക്കോളജി' തന്നെയാണ് ഏറ്റവും വലിയ 'ഇക്കോണമി' എന്നു നാം തിരിച്ചറിയണം. അതുവഴി സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കാനാവും. ഇന്ന് അതല്ല സ്ഥിതി രാജ്യത്തെ ബഹുഭൂരിപക്ഷം ദാരിദ്ര്യത്തിലായിരിക്കുമ്പോഴും നാം ആയുധങ്ങൾ വാങ്ങാനാണ് സമ്പത്ത് ചെലവിടുന്നത്.


**ചോ: ആഗോളവത്കരണത്തെ ഗുണപരമായി ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റിയാണ് എല്ലാവരും പറയുന്നത് ?**

ഉ: കേന്ദ്രീകൃതമായ ഉത്പാദനം ലക്ഷ്യമിടുന്ന ഒരു വ്യവസ്ഥയാണത്. ആ വ്യവസ്ഥയുടെ ദൈവം പണമാണ്. സർക്കാർ പോലും ഇടനിലക്കാരനാണ്. പിന്നെങ്ങനെ പാവപ്പെട്ടവന്റെ പ്രശ്നങ്ങൾ പരിഹരിക്കാനാവും ?

*(ശേഷം പേജ് 48 ൽ )*

ണ്. നെല്ലിനെ വിശദീകരിക്കാൻ ഒരുമ്പെടുന്നതു സാഹസം തന്നെ.

ആനമുടിയുടെ തലയെടുപ്പിൽ നിന്നും കുട്ടനാടിന്റെ ചതുപ്പുകളിലേക്കുള്ള ദൂരം അറുപതിൽ താഴെ കിലോമീറ്ററുകൾ മാത്രമാണ്. അപ്രകാരം കടലിലേക്ക് കുത്തനെ ചാഞ്ഞിറങ്ങുന്ന ഒരു നാട്ടിൽ, 41 ചെറുനദികൾ അറബിക്കടലിലേക്ക് അതിവേഗം ഒഴുകിയിറങ്ങുന്ന ഒരു നാട്ടിൽ, വിശാലമായ നെൽപ്പാടങ്ങൾ സംഭരിച്ചു നിർത്തി ഭൂഗർഭ ജലവിതാനമുയർത്തിയിരുന്നു എന്നത് ഒരു പഴങ്കഥയാവാൻ സാധ്യതയുണ്ട്. ഇത് ഇന്നത്തെ ഉണങ്ങി വരണ്ട കേരള ഗ്രാമങ്ങൾക്ക് വേദനയുള്ള തിരിച്ചറിവാണ്. 1960കളിൽ 778910 ഹെക്ടർ (1960 -61) നെൽകൃഷി കേരളത്തിലുണ്ടായിരുന്നു. ഇത് 1975 ആയതോടെ പരമാവധിയായ 884969 ഹെക്ടറായി ഉയരുകയും പൊടുന്നെയെന്നോണം 310521 ഹെക്ടർ (2002 -03) ലേക്ക് തകർന്നടിയുകയും ചെയ്തു. സ്ഥിതിവിവരകണക്കുകൾക്കുമപ്പുറം ഒരു ജനതയുടെ തകർച്ചയാണിതു സൂചിപ്പിക്കുന്നത്. കൃഷിയുടെ താളത്തിൽ ഞാറ്റുവേലയുടെ കൃത്യതയിൽ, മാത്രം ജീവിച്ച ഒരു സംസ്കാരത്തിന്റെ തകർച്ച. പച്ചവിരിച്ച നെൽപ്പാടങ്ങൾ ടൂറിസം ബ്രോഷറിലേക്ക് മാത്രമൊതുങ്ങുന്ന ദുരന്തം.



*തണൽ, എൽ-14, ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം*
*ഫോൺ : 0471-2727150, e-mail : saverice@thanal.org*

*(തുടരും)*

*(പേജ് 7 ൽ നിന്ന് തുടർച്ച)*

**ചോ: പരിസ്ഥിതി പ്രശ്നം മാത്രമാണോ യഥാർത്ഥത്തിൽ നാം നേരിടുന്നത് ? സ്ത്രീകളുടെ പ്രശ്നങ്ങൾ, ആദിവാസി പ്രശ്നങ്ങൾ ?**

ഉ: സ്ത്രീകളെ സാമൂഹിക പ്രശ്നങ്ങളിൽ നിന്ന് അകറ്റി നിർത്തി എന്നതാണ് നാം ചെയ്ത തെറ്റ്. സ്ത്രീകളേയും ആദിവാസികളേയുമെല്ലാം മുഖ്യധാരയിലേക്കു കൊണ്ടുവരണം. വനനശീകരണത്തിനെതിരായ എല്ലാ നീക്കങ്ങൾക്കും മുൻകൈയെടുത്തത് സ്ത്രീകളായിരുന്നു. മദ്യത്തിനെതിരായും എത്രമാത്രം ഫലപ്രദമായി പ്രവർത്തിക്കാമെന്ന് അവർ കാട്ടിത്തന്നിട്ടുണ്ട്.

**ചോ: പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് കുടുതൽ എഴുതാത്തതെന്താണ് ?**

ഉ: എഴുതുന്നതിനേക്കാൾ നേരിൽ പറയുക എന്നതിനാണ് പ്രധാനം. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളുമായി നേരിൽ സംവദിക്കുകയാണ് വേണ്ടത്. അപ്പോൾ അത് പറയുക എന്നതിനപ്പുറം പ്രവർത്തനം കൂടിയായി മാറുന്നു. ഗാന്ധിയും ക്രിസ്തുവുമെല്ലാം ആ വഴിയാണ് തെരഞ്ഞെടുത്തത്. അതുകൊണ്ടാണവർക്ക് സാധാരണക്കാരനുമായി താദാത്മ്യം പ്രാപിക്കാനായത്.

**ചോ: ഇന്ത്യയിലെ മാധ്യമങ്ങൾ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നൽകുന്നു ?**

ഉ: മാധ്യമങ്ങൾ മുഖ്യധാരാ രാഷ്ട്രീയത്തിനാണ് പ്രാധാന്യം നൽകുന്നത്. ദുർബലന്റെ ശബ്ദത്തെ അവഗണിക്കുന്നു.

പരിസ്ഥിതി പ്രശ്നങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാത്ത വാർത്തകളായി മാറുന്നു. പത്രപ്രവർത്തനം 'പ്രൊഫഷൻ' എന്ന നിലയിൽനിന്ന് 'മിഷൻ' ആയി മാറണം.

**ചോ: എന്താണ് നൽകാനുള്ള സന്ദേശം ?**

ഉ: സമാധാനം, സന്തോഷം, സാക്ഷാത്കാരം ഈ മൂന്നു കാര്യങ്ങൾ വഴി നാം നേരിടുന്ന പ്രശ്നങ്ങളെ മറികടക്കാവുന്നതേയുള്ളൂ. അതുനേടിയെടുക്കുന്നതിനാവശ്യമായ മനോഭാവം മനുഷ്യരിൽ വളർത്തിയെടുക്കുകയാണ് വേണ്ടത്.

*കടപ്പാട് : ബിജുരാജ്*

ആശംസകളോടെ

**ആരോഗ്യകരവും സ്വതന്ത്രവും നീതിയുക്തവുമായ മെച്ചപ്പെട്ട മറ്റൊരു ലോകത്തിന്**

കേരളീയം
# കലവറ
**ഗ്രീൻ ചാനൽ & ഇക്കോ ഷോപ്പ്**

C/o. കേരളീയം, മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്. കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9447674375
e-mail : keraleeyam_kalavara@rediffmail.com

**നാട്ടുല്പന്നങ്ങൾക്കും പരിസ്ഥിതി സൗഹൃദവസ്തുക്കൾക്കുമായി ഒരിടം**